# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 530 — 19/05/2017-ൽ മറുപടിയ്ക്ക്.

## ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ.എൻ.ജയരാജ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്.<br><br>ഉല്പാദനോപാധികളുടെ വില വർദ്ധനവ് മൂലം ഉണ്ടാകുന്ന വർദ്ധിച്ച ഉൽപാദന ചെലവ്, അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവും വില കൂടുതലും മറ്റുമുള്ള കാലിത്തീറ്റയുടെ വില വർദ്ധനവ്, കേന്ദ്രസംസ്ഥാന നിയമങ്ങളുടെ അഭാവംമൂലം കാലിത്തീറ്റ ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിയാതെ വരുന്നത്, കറവക്കാരുടെ അഭാവം, കറവമാടുകളുടെ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകളുടെ ഉയർന്ന വിലമൂലം മൃഗചികിത്സാരംഗത്തുണ്ടായ ഭാരിച്ച ചെലവ്, കടുത്ത വരൾച്ച മൂലമുള്ള ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ് എന്നിവയാണ് പ്രധാനമായും ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.<br>തീറ്റപ്പുല്ലിന്റെയും കാലിത്തീറ്റ വിളകളുടെയും ലഭ്യതഉറപ്പുവരുത്തുന്നതിനായി 2017-18 –ൽ |

6 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തരിശു സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാലിത്തീറ്റയുടെ വർദ്ധിച്ച വിലയിൽനിന്നും കർഷകരെ സഹായിക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് 1 ലിറ്റർ പാലിന് 1 രൂപയുടെ കാലിത്തീറ്റ സബ്സിഡി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരമാവധി ദിവസം നൽകിവരുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേന 1 ലിറ്റർ പാലിന് 3 രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ എൻ.എ. ബി.എൽ (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷനോടുകൂടി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിൽ കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി കറവ യന്ത്രം വാങ്ങുന്നതിന് 25,000/- രൂപയുടെ ധനസഹായം വീതംനൽകിവരുന്നു.

സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചമൂലം പച്ചപ്പുല്ലിന്റെയും കാലിത്തീറ്റ വിളകളുടെയും ശുദ്ധജലത്തിന്റെയും ദൗർലഭ്യം കണക്കിലെടുത്ത് 35 ലക്ഷം രൂപ വിനിയോഗിച്ച് വയ്ക്കോൽ/പച്ചപ്പുല്ല് വിതരണത്തിന് വരൾച്ചാ ദുരിതാശ്വാസ പദ്ധതി നടപ്പിലാക്കി.

ബാങ്ക് വായ്പയെടുത്ത് കറവപശുക്കൾ വാങ്ങിയവർക്ക് പശുക്കൾ ചത്തതുമൂലമോ ഉല്പാദനകുറവ് മൂലമോ ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിട്ട ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

| | |
|---|---|
| (ബി) ക്ഷീരമേഖലയിലെ സാധ്യതകൾ കണക്കിലെടുത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി തുടങ്ങിയതെന്ന് വ്യക്തമാക്കുമോ? | (ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ താഴെപറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്. |

* മിൽക്ക്ഷെഡ് വികസന പദ്ധതി
* തീറ്റപ്പുൽകൃഷി വികസന പദ്ധതി
* കാലിത്തീറ്റ സബ്സിഡി
* ക്ഷീരഗ്രാമം
* ക്ഷീരകർഷക കടാശ്വാസ പദ്ധതി
* ക്ഷീരസംഘങ്ങളുടെ ആധുനികവത്കരണത്തിനുള്ള ധനസഹായം
* ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം
* ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
* പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കുള്ള പ്രത്യേകപദ്ധതി
* ക്ഷീരകർഷകർക്കുള്ള വരൾച്ചാദുരിതാശ്വാസപദ്ധതി
* വയനാട് ബ്രഹ്മഗിരി ഡയറി പ്രോജക്ട്

സെക്ഷൻ ഓഫീസർ.